# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി. 11/ 424/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 02/04/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുണ്ടക്കയം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി. 11/ 424/22 തീയ്യതി: 02/04/2022

## കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. എൻ. രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 14-02-2022 | 25-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-02-2022 | 25-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സജി പി ആർ, ഓഡിറ്റ് ഓഫീസർ
ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ബാബുരാജ കെ ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ എസ് രാജു | പ്രസിഡന്റ് | 01-04-2020 | 20-11-2020 |
| ശ്രീമതി. രേഖാ ദാസ് കെ എം | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി. ഗിരിജ കുമാരി അയ്യപ്പൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. റിയ ആന്റണി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. റോസ്മി കെ ബേബി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. പ്രശാന്ത് എ എം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) ഇൻ ചാർജ് | 01-04-2020 | 31-03-2021 |
| ഡോ. ഫക്രുദ്ദീൻ എ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി. മറീന തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. സജികുമാർ എം എ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സൂസൻ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. ജോബി സെബാസ്റ്റ്യൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. ലിയോ എൽ ജോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. ദിവ്യ ആർ | മെഡിക്കൽ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ (ഹോമിയോ) | | |
| ശ്രീ. രമേഷ് പി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. കിരൺലാൽ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |

21.11.2020 **മുതൽ** 20.12.2020 **വരെ ഉദ്യോഗസ്ഥ ഭരണം**

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnapriya.S (Auditor, On 22-02-2022)<br>Last Updated By: Krishnapriya.S (Auditor, On 24-02-2022) | 1-1 |
| 2 | വാർഷികകണക്കുകളുടെ അവലോകനം<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Krishnapriya.S (Auditor, On 18-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saji P R (Audit Officer, On 20-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-4 |
| 5 | പദ്ധതിഅവലോകനം.<br>Written By: Saji P R (Audit Officer, On 20-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Saji P R (Audit Officer, On 20-02-2022)<br>Last Updated By: Saji P R (Audit Officer, On 22-02-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Shanti George (Asst. Audit Officer, On 25-02-2022)<br>Last Updated By: Shanti George (Asst. Audit Officer, On 25-02-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 16-02-2022)<br>Last Updated By: Krishnapriya.S (Auditor, On 16-02-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Saji P R (Audit Officer, On 23-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 22-02-2022)<br>Last Updated By: Krishnapriya.S (Auditor, On 22-02-2022) | 1-10 |
| 11 | ഗുണഭോക്തൃവിഹിതം പഞ്ചായത്ത് ഫണ്ടിലേക്ക് കൃത്യസമയത്ത് അടവാക്കിയില്ല<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-11 |
| 12 | റോഡ്, മേഖല – അടിസ്ഥാന വസ്തുനികുതിയിൽ അനർഹമായ ഇളവുകൾ നൽകി<br>Written By: Krishnapriya.S (Auditor, On 26-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-12 |
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി മുൻകാല കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Krishnapriya.S (Auditor, On 24-02-2022)<br>Last Updated By: Saji P R (Audit Officer, On 26-02-2022) | 1-13 |
| 14 | അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി ഈടാക്കിയിരിക്കുന്നു<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-14 |
| 15 | വസ്തുനികുതി കണക്കാക്കൽ - ഒറ്റത്തവണകെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Saji P R (Audit Officer, On 26-02-2022) | 1-15 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 25-02-2022) | 1-16 |

| | | |
|---|---|---|
| | Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | |
| 17 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 1-17 |
| 18 | കരാറുകാർ, റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിലെ ജീവനക്കാർ തുടങ്ങിയവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Saji P R (Audit Officer, On 26-02-2022) | 1-18 |
| 19 | പഞ്ചായത്ത് പരിധിയിൽ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നു<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Saji P R (Audit Officer, On 26-02-2022) | 1-19 |
| 20 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസും രജിസ്ട്രേഷനും ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 1-20 |
| 21 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 1-21 |
| 22 | വാടക കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 1-22 |
| 23 | എസ്റ്റിമേറ്റിൽ ജി.എസ്.റ്റി പ്രൊവിഷൻ വെയ്ക്കാതെ പാർട്ട് ബില്ലിൽ ജി.എസ്.റ്റി ഇനത്തിൽ 12% കൂട്ടി നൽകി.<br>Written By: Saji P R (Audit Officer, On 26-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 1-23 |
| 24 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: Saji P R (Audit Officer, On 26-02-2022)<br>Last Updated By: Saji P R (Audit Officer, On 27-02-2022) | 1-24 |
| 25 | കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.<br>Written By: Saji P R (Audit Officer, On 26-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 1-25 |
| 26 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- പൂർത്തിയാക്കിയിട്ടില്ല.<br>Written By: Saji P R (Audit Officer, On 26-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-26 |
| 27 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: K.B.Baburaj (Auditor, On 26-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2022) | 1-27 |
| 28 | ജലസേചന പമ്പ് സെറ്റ് വിതരണം പ്രോജക്ട്- അപാകതകൾ<br>Written By: P B Shajimon (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-28 |
| 29 | കന്നുകുട്ടി പരിപാലനം<br>Written By: P B Shajimon (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-29 |
| 30 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Shanti George (Asst. Audit Officer, On 24-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 1-30 |
| 31 | ലൈഫ് ഭവന പദ്ധതി അവലോകനം<br>Written By: P B Shajimon (Auditor, On 25-02-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | |
| 32 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ -അവലോകനം<br>Written By: Shanti George (Asst. Audit Officer, On 24-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | എസ്റ്റിമേറ്റിൽ ജി.എസ്.റ്റി പ്രൊവിഷൻ വെയ്ക്കാതെ പാർട്ട് ബില്ലിൽ ജി.എസ്.റ്റി ഇനത്തിൽ 12% കൂട്ടി നൽകി.<br>Written By: Saji P R (Audit Officer, On 26-02-2022)<br>Last Updated By: Saji P R (Audit Officer, On 26-02-2022) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 18-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 31-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 25-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 18-02-2022)<br>Last Updated By: Krishnapriya.S (Auditor, On 18-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Krishnapriya.S (Auditor, On 18-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Krishnapriya.S (Auditor, On 24-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Krishnapriya.S (Auditor, On 21-02-2022)<br>Last Updated By: Krishnapriya.S (Auditor, On 21-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Krishnapriya.S (Auditor, On 18-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 4-8 |
| 9 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Krishnapriya.S (Auditor, On 18-02-2022)<br>Last Updated By: Krishnapriya.S (Auditor, On 18-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Krishnapriya.S (Auditor, On 21-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Krishnapriya.S (Auditor, On 18-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 24.03.2020 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് 15.02.2021 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 45129101.00 | 61296110.06 |
| വരവ് | 354391472.00 | 150083781.00 |
| ആകെ | 399520573.00 | 211379891.06 |
| ചെലവ് | 324328226.00 | 176740815.00 |
| നീക്കിയിരിപ്പ് | 75192347.00 | 34639076.06 |

### 1-2 വാർഷികകണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 12.05.2021-ലെ II(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2020-21 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 61296110.06 രൂപയും തൻവർഷ വരവ് 150083781.00 രൂപയും തൻവർഷ ചെലവ് 176740815.00 രൂപയും നീക്കിയിരിപ്പ് 34639076.06 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 250305387.00രൂപയും ആകെ ചെലവ് 241233889.00 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1.26/07/2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല.

2.പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം(Land) കണക്കാക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

3വസ്തുനികുതിയുടെ വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4.ട്രേഡേഴ്സ് തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നീയിനങ്ങളിൽ മുൻകൂറായി ലഭിച്ച തുകകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പ്രസ്തുത ഇനങ്ങൾക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5.ട്രേയ്ഡേഴ്സ് തൊഴിൽ നികുതി, ഡി & ഓ ലൈസൻസ് ഫീസ്, വാടക എന്നീ അക്രൂവൽ വരവുകളുടെ ഡിമാന്റ് രജിസ്റ്റർ പ്രകരമുള്ള കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

6.വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കുടിശികയിനത്തിൽ ലഭിക്കാനവശേഷിക്കുന്നതുമായ 431400101, 431400102 എന്നീ ശീർഷകങ്ങളിലെ തുകയുടെ കൃത്യത ലഭ്യമല്ല.

7.കുടിശിക തുകകൾ ലഭിക്കാനുള്ളതിന് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

8.ബി 4 ഷെഡ്യൂളിലെ 320300199 ശീർഷകത്തിലെ തുകയുടെ കൃത്യത രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അഭാവത്തിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9.ബി 7 ഷെഡ്യൂളിലെ 340200102, 340200107, 340200199, 340800101 എന്നീ ശീർഷകങ്ങളിലെ തുകയുടെ കൃത്യത രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അഭാവത്തിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10.464/20-21, വിവിധ വാർഡുകളിലെ റോഡിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് അഡ്വാൻസായി നൽകിയ 98055/- രൂപ ബി 18 ഷെഡ്യൂളിലെ 460500202 ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല.

11.ഐ 6 പ്രകാരം തൊഴിലില്ലായ്മ വേതന ഇനത്തിലുള്ള വരവായ 3600/- രൂപ ആർ പി 7 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

12. സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ ആർ പി 7, ആർ പി 31 എന്നിവ പ്രകാരമുള്ള വരവ് തുക സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 61296110.06 |
| ഓഡിറ്റ് വർഷത്തെ വരവ് | 150083781.00 |
| ആകെ | 211379891.06 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 176740815.00 |
| നീക്കിയിരിപ്പ് | 34639076.06 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 55063 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9431131 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 29245809 | 29245809 | 26930097 | 2315712 | 92 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11891000 | 11891000 | 9484640 | 2406360 | 79.76 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4675000 | 4675000 | 4131208 | 543792 | 88.36 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 14293000 | 14293000 | 14160639 | 132361 | 99.07 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 7358000 | 7358000 | 5415732 | 1942268 | 73.60 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 10500000 | 10500000 | 5404928 | 5095072 | 51.47 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 19665799 | 19665799 | 14835086 | 4830713 | 75.43 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 3175 | 47990136 | 47993311 | 47991844 | 1467 | 99.99 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 262251 | 1666069 | 1928320 | 956086 | 972234 | 49.58 |
| ശുചിത്വമിഷൻ ഗ്രാന്റ് | 409076 | 5273604 | 5682680 | 3424327 | 2258353 | 60.25 |

വികസനഫണ്ട് പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി, സംരക്ഷണഗ്രാന്റ് നോൺറോഡ് എന്നിവയുടെ അലോട്ടുമെന്റുകളിൽ നിന്നും യഥാക്രമം 3668824 രൂപ, 468392 രൂപ, 14627 രൂപ, 74422 രൂപ വീതം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 459/21<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 584000 | വികസനഫണ്ട് പൊതുവിഭാഗം |
| 484/21<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 584000 | വികസനഫണ്ട് പൊതുവിഭാഗം |

| | | |
|---|---|---|
| 489/21<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 584000 | വികസനഫണ്ട് പൊതുവിഭാഗം |
| 490/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 958412 | വികസനഫണ്ട് പൊതുവിഭാഗം |
| 493/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 958412 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 3668824 | |
| 491/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി ) | 234196 | വികസനഫണ്ട് എസ്.സി.പി |
| 494/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി ) | 234196 | വികസനഫണ്ട് എസ്.സി.പി |
| ആകെ | 468392 | |
| 492/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( ടി.എസ്.പി ) | 7314 | വികസനഫണ്ട് ടി.എസ്.പി |
| 495/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( ടി.എസ്.പി ) | 7313 | വികസനഫണ്ട് ടി.എസ്.പി |
| ആകെ | 14627 | |
| 496/21<br>വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് കുറവ് ചെയ്യുന്ന തുക | 74422 | സംരക്ഷണഗ്രാന്റ് നോൺറോഡ് |

**1-5 പദ്ധതിഅവലോകനം.**

2020-21 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് 26.12.2019 തീയതികളിൽ യോഗം ചേർന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 2(1)/26.12.2019 നമ്പർ തീരുമാനപ്രകാരം പുനസംഘടന അംഗീകരിച്ചു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 1.2.2020 മുതൽ 9.2.2020 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 15.2.2020 ലാണ്. കോവിഡ് പ്രോട്ടോകോൾ നിലനിന്നിരുന്നതിനാൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകളും ഭിന്നശേഷി ഗ്രാമസഭയും ചേർന്നിരുന്നില്ല. ഊരുകൂട്ടം 1.2.2020 മുതൽ 9.2.2020 വരെയുള്ള തീയതികളിൽ യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 10.3.2020ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 9.8.2020ലെ 2707/20/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 445 | 221579273 | 355 | 131239457 | 90 | 79.77 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 2702866 | 10 | 1950022 |
| വെറ്ററിനറി സർജൻ | 7 | 6314200 | 7 | 4710600 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 1 | 900000 | 1 | 898122 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 200000 | 1 | 200000 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 1000000 | 1 | 1000000 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 1719000 | 1 | 231849 |
| വി.ഇ.ഒ | 18 | 71711326 | 16 | 34897670 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9650060 | 9 | 8256231 |
| സെക്രട്ടറി | 51 | 17769945 | 42 | 9910835 |
| എച്ച്.എം. ഗവൺമെന്റ് എൽ.പി.എസ്. | 1 | 75000 | 1 | 70000 |
| അസിസ്റ്റന്റ് എൻജിനീയർ | 321 | 99445895 | 250 | 64045839 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 900000 | 1 | 699603 |
| അസിസ്റ്റന്റ് സെക്രട്ടറി | 21 | 9190981 | 15 | 4368686 |
| ആകെ | 445 | 221579273 | 355 | 131239457 |

**<u>ലക്ഷ്യം കൈവരിച്ചില്ല. 17266278/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.</u>**

**2020-21** വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 12171206/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 29245809 | 26930097 | 2315712 |
| വികസന ഫണ്ട് | 11891000 | 9484640 | 2406360 |

| | | | |
|---|---|---|---|
| (എസ്.സി.പി) | | | |
| വികസന ഫണ്ട് (ടി.എസ്.പി) | 4675000 | 4131208 | 543792 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 14293000 | 14160639 | 132361 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 7358000 | 5415732 | 1942268 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 19665799 | 14835086 | 4830713 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 10500000 | 5404928 | 5095072 |
| ആകെ | | | 17266278 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 17266278 രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- <u>നിക്ഷേപ പ്രവൃത്തികൾ- മുൻ വർഷങ്ങളിലേതുൾപ്പെടെ 1488912 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.</u>

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 1488912/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 80233/- രൂപയുടെയും, കുഴൽ കിണർ നിർമ്മാണത്തിനായി ഭൂഗർഭ ജലവകുപ്പിൽ നിക്ഷേപിച്ച 1088292/- രൂപയുടെയും, കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 200000 രൂപയുടെയും, കംപ്യൂട്ടറുകൾ വാങ്ങുന്നതിനായി കെൽട്രോണിൽ നിക്ഷേപിച്ച 120387 രൂപയുടെയും വിനിയോഗ വിവരങ്ങളാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. മുൻ വർഷങ്ങളിൽ നിക്ഷേപിച്ച നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**<u>1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം 5132 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ 21 വാർഡിലെയും ലേബർ

ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 173 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 120 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 120 പ്രവൃത്തികളും പൂർത്തീകരിക്കാനായിട്ടുണ്ട്. 138266 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 639 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 320 അയൽക്കൂട്ടങ്ങളിൽ 284 അയൽക്കൂട്ടങ്ങൾ പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 2018 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി കയ്യാല നിർമ്മാണം, ഫലവൃക്ഷത്തൈകൾ വെച്ച് പിടിപ്പിക്കലും സംരക്ഷണവും, തോടുകളുടെ സംരക്ഷണം, തടയണ നിർമ്മാണം, മഴക്കുഴി നിർമ്മാണം എന്നീ പ്രവൃത്തികളും ആസ്തി സൃഷ്ടിക്കൽ പ്രവൃത്തികളായി ആട്ടിൻ കൂട്, തൊഴുത്ത്, കോഴിക്കൂട്, പട്ടുതാക്കുളം, അസോള ടാങ്ക്, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2020-21 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 3175 | 1488135 | 1491310 | 1489843 | 1467 |
| ഇ.എഫ്.എം.എസ്. | 0 | 46502001 | 46502001 | 46502001 | 0 |
| ആകെ | 3175 | 47990136 | 47993311 | 47991844 | 1467 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3600 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 2263500 | 153 |
| വിധവാപെൻഷൻ | 18388100 | 1247 |
| വാർദ്ധക്യകാലപെൻഷൻ | 45829800 | 3110 |
| വികലാംഗപെൻഷൻ | 6736200 | 452 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 871800 | 70 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2022 തീയതി 3.15 പി. എം. ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 66334/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. സാമ്പത്തിക വിനിമയങ്ങൾ രേഖപ്പെടുത്തുന്നത് സാംഖ്യാ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിദിന, പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട്

ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്കും സാംഖ്യാ സ്റ്റേഷനറിക്കും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ

വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.12.2019 | 11/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.09.2017 മുതൽ 22.09.2017 വരെ. | 2012-13 മുതൽ 2016-17 വരെ | LBA (HQ) I I/8A-2684/ 17-18/ 242 തീയതി 01.11.2017 |

## 1-11 ഗുണഭോക്തൃവിഹിതം പഞ്ചായത്ത് ഫണ്ടിലേക്ക് കൃത്യസമയത്ത് അടവാക്കിയില്ല

കേരള ട്രഷറി കോഡ് ഭാഗം 1 ആർട്ടിക്കിൾ 7(2) പ്രകാരം അതാത് ദിവസത്തെ പിരിവ് തുകകൾ അതാത് ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ട്രഷറി/ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ബുക്കുകളുടെ പരിശോധനയിൽ ഗുണഭോക്തൃവിഹിതം ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നതിൽ താഴെപ്പറയും പ്രകാരം കാലതാമസമുണ്ടായതായി കാണുന്നു.

| രസീത് ബുക്ക് നം. | രസീത് നം. | ആകെ തുക | വരവ് തീയതി | പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയ തീയതി | സാംഖ്യ രസീത് നം. |
|---|---|---|---|---|---|
| 47130 | 93 മുതൽ 100 വരെ | 800 | 19.10.2020 | 06.11.2020 | 12020103488 |
| 22058 | 78 മുതൽ 100 വരെ | 2300 | 21.01.2021 | 23.02.2021 | 120020106093 |

ഗുണഭോക്തൃവിഹിതം വൈകി അടയ്ക്കാനുണ്ടായ സാഹചര്യം സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/22.02.22) മറുപടി ലഭ്യമായിട്ടില്ല. ഇപ്രകാരം വിവിധ പിരിവ് തുകകൾ കൂടുതൽ ദിവസം കൈവശം വയ്ക്കുന്നത് ചട്ടലംഘനവും മറ്റ് സാമ്പത്തികമായ തിരിമറികൾക്ക് ഇടയാക്കുന്നതുമാണ്. ആയതിനാൽ അപാകത ആവർത്തിക്കാതിരിക്കാൻ പ്രത്യേകമായ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇത് സംബന്ധമായ നിയന്ത്രണസംവിധാനം കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-12 റോഡ്, മേഖല – അടിസ്ഥാന വസ്തുനികുതിയിൽ അനർഹമായ ഇളവുകൾ നൽകി

കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ മേഖല, റോഡ് എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി അനുവദനീയമായ ഇളവുകളും നൽകേണ്ടവർദ്ധനയും 2011 ലെ കേ.പ.രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ൽ പ്രതിപാദിക്കുന്നുണ്ട്. താഴെപ്പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ ടി ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.

1. പ്ലാനിൽ 3.5 മീറ്റർ വീതി രേഖപ്പെടുത്തിയിട്ടുള്ള ഗ്യാലക്സി-ചാച്ചിക്കവല റോഡ് പ്രവേശനമാർഗ്ഗമായ 3/681 A നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ തരം ഒന്നര മീറ്ററിൽ കുറവായി രേഖപ്പെടുത്തി 10% ഇളവ് നൽകിയിട്ടുള്ളതായി കാണുന്നു.
2. ഗ്യാലക്സി-ചാച്ചിക്കവല റോഡിന്റെ സമീപത്തുള്ള 3/662 നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിലും റോഡിന്റെ തരം ഒന്നര മീറ്ററിൽ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
3. പൈങ്ങണ- വെള്ളനാടി റോഡ് സമീപ റോഡായ 3/878 B,C, 3/881 നമ്പർ കെട്ടിടങ്ങളുടെ കാര്യത്തിൽ റോഡിന്റെ തരം 5 മീറ്ററോ അതിൽ കൂടുതലോ എന്ന് രേഖപ്പെടുത്തി അർഹമായ 20% നികുതി വർദ്ധനവ് നൽകിയിട്ടുണ്ട്. എന്നാൽ, ഇതേ റോഡ് സമീപ റോഡായ 3/886A, 3/851A, 3/ 854 A, 3/886A നമ്പർ കെട്ടിടങ്ങളുടെ കാര്യത്തിൽ റോഡിന്റെ തരം 5 മീറ്ററിൽ താഴെ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ വസ്തുനികുതി കുറവായാണ് നിർണ്ണയിച്ചിട്ടുള്ളത്.
4. പൈങ്ങണ- വെള്ളനാടി റോഡ് സമീപ റോഡായ 3/ 76 A,B,C നമ്പർ കെട്ടിടങ്ങളെയും NH 220 സമീപ റോഡായ 3/913 A നമ്പർ കെട്ടിടത്തെയും ത്രിതീയ മേഖലയിൽ പെടുത്തി അനർഹമായി 20% നികുതിയിളവ് നൽകിയിട്ടുള്ളതായി കാണുന്നു.
5. 19/383 A, 13/79A, 13/ 73 A നമ്പർ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ റോഡിന്റെ തരം 5 മീറ്ററോ അതിൽ കൂടുതലോ എന്ന് രേഖപ്പെടുത്തിയിട്ടുള്ള ചിറ്റടി- ഇഞ്ചിയാനി റോഡിന്റെ തരം 13/73 B നമ്പർ കെട്ടിടത്തിന്റെ കാര്യത്തിൽ 5 മീറ്ററിൽ താഴെ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
6. 3/500 C,H, I,J നമ്പർ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ റോഡിന്റെ തരം 5 മീറ്ററോ അതിൽ കൂടുതലോ എന്ന് രേഖപ്പെടുത്തിയിട്ടുള്ള ബൈപാസ്സ് റോഡിന്റെ തരം3/532 B,C,D നമ്പർ കെട്ടിടങ്ങളുടെ കാര്യത്തിൽ 5 മീറ്ററിൽ താഴെ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റന്വേഷണക്കുറിപ്പിന് (നം. 18 തീയതി25.02.2022) മറുപടി ലഭിച്ചിട്ടില്ല. മേൽപ്പറഞ്ഞതുൾപ്പെടെ റോഡ് , മേഖല എന്നിവയുടെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽ അനർഹമായ ഇളവുകൾ നൽകിയത് /ബാധകമായ വർദ്ധനവ് നൽകാത്ത സംഗതികൾ പരിശോധിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-13 മൊബൈൽ ടവറുകളുടെ വസ്തു നികുതി മുൻകാല കുടിശ്ശിക നിലനിൽക്കുന്നു</u>**

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ മുൻകാല വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് / വാതിൽ നമ്പർ | ഉടമസ്ഥൻെറ പേര് | വർഷം | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|---|
| 1 | III/642 A | വയർലസ് ടിടി ഇൻഫോ സർവീസ് ലിമിറ്റഡ് | 2013-14 മുതൽ 2015-16 വരെ | 23625 X 3 = 70875 |
| 2 | IV/485 | ടാറ്റാ ടെലി സർവീസ് ലിമിറ്റഡ് | 2014-15 മുതൽ 2015-16 വരെ | 38161 |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി നിലവിൽ ഈടാക്കുന്നുണ്ടെങ്കിലും മേൽ വർഷങ്ങളിലെ മുൻകാല കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്

(7/22.02.2022) ടി മൊബൈൽ ടവറുകളുടെ പ്രസ്തുത കാലയളവിലെ വസ്തു നികുതി സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലാണ് കുടിശ്ശിക നിലനിൽക്കുന്നത് എന്ന് മറുപടി നൽകിയിട്ടുണ്ട്. കേസ് തീർപ്പാകുന്ന മുറയ്ക്ക് കുടിശ്ശിക സഹിതം നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-14 അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി ഈടാക്കിയിരിക്കുന്നു**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA പ്രകാരം ഒരു കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടാൽ ആയതിനെതിരെ സ്വീകരിക്കേണ്ട തുടർനടപടികൾക്ക് ഭംഗം വരാതെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന നികുതിയും അതിന്റെ രണ്ട് മടങ്ങും ചേർന്ന തുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന യു എ എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്നും കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രേഖപ്പെടുത്തി നൽകേണ്ടതാണ്. ഇത് പ്രകാരം അനധികൃത കെട്ടിടമായി നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയതിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കുറവ് കാണുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | വാർഡ് നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ.) | ഉപയോഗ ക്രമം & നിർണ്ണയിക്കപ്പെട്ട വസ്തു നികുതി | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | പി സി ബിവിൻ, സുധാറാണി ബിവിൻ പ്ലാമൂട്ടിൽ | III മുണ്ടക്കയം ടൗൺ സൗത്ത് | UA 125 A (2012) | 12 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടം 904 | 2712 | 904 | 1808 |
| 2 | പി സി ബിവിൻ, സുധാറാണി ബിവിൻ പ്ലാമൂട്ടിൽ | III മുണ്ടക്കയം ടൗൺ സൗത്ത് | UA 125 A (2012) | 13.8 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടം 950 | 2850 | 950 | |
| 3 | പി സി ബിവിൻ, സുധാറാണി ബിവിൻ പ്ലാമൂട്ടിൽ | III മുണ്ടക്കയം ടൗൺ സൗത്ത് | UA 125 A (2012) | 13.8 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടം 950 | 2850 | 950 | 1900 |
| 4 | പി സി | III | UA 125 | 13.8 | വാണിജ്യാവശ്യ | 2850 | 950 | 1900 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ബിവിൻ, സുധാറാണി ബിവിൻ പ്ലാമൂട്ടിൽ | മുണ്ടക്കയം ടൗൺ സൗത്ത് | A (2012) | | ത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടം 950 | | | |
| 5 | പി സി ബിവിൻ, സുധാറാണി ബിവിൻ പ്ലാമൂട്ടിൽ | III മുണ്ടക്കയം ടൗൺ സൗത്ത് | UA 125 A (2012) | 13.8 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടം 950 | 2850 | 950 | 1900 |
| 6 | പി സി ബിവിൻ, സുധാറാണി ബിവിൻ പ്ലാമൂട്ടിൽ | III മുണ്ടക്കയം ടൗൺ സൗത്ത് | UA 125 A (2012) | 13.8 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടം 950 | 2850 | 950 | 1900 |

ഇപ്രകാരം വസ്തു നികുതി കുറവായി ഈടാക്കുന്നതിനെക്കുറിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/24.02.22) കെട്ടിടം സംബന്ധിച്ച വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ നൽകുമ്പോൾ തനിയെ അപ്ഡേറ്റ് ആകുന്ന നികുതിയാണ് ഈടാക്കുന്നത് എന്ന് മറുപടി നൽകിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾക്കെല്ലാം പഞ്ചായത്ത് രജ് നിയമപ്രകാരമുള്ള നികുതി കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-15 വസ്തുനികുതി കണക്കാക്കൽ - ഒറ്റത്തവണകെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09/07/2015 ലെ സ ഉ (എം എസ്) നം 231/15/തസ്വഭവ പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർത്ത് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്താൽ മതിയെന്ന് നിർദ്ദേശിച്ചിരുന്നു. വസ്തുനികുതി സംബന്ധിച്ച ഫയലുകളിൽ നടത്തിയ പരിശോധനയിൽ മേൽ നിർദ്ദേശം പാലിക്കുന്നതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/24.02.2022) നിലവിൽ അപേക്ഷകൾക്കൊപ്പം രേഖകൾ സൂക്ഷിക്കുന്നതിനുള്ള നടപടികൾ 2021-22 വർഷം മുതൽ സ്വീകരിക്കുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. **കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ കർശനമായി പാലിക്കേണ്ടതും** ഒറ്റത്തവണ കെട്ടിട

നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പ്/ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയുടെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്

**1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | 1,2 |
| 2 | പ്യൂപ്പിൾസ് ബസാർ | 1,2 |
| 3 | മുത്തൂറ്റ് മെർക്കന്റൈൻ | 1,2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/21.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കുടിശ്ശിക സഹിതം ഈടാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

**1-17 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മുണ്ടക്കയം കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ | 1 |
| 2 | ബി എസ് എൻ എൽ | 1 |
| 3 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് | 1 |
| 4 | കേരള ഗ്രാമീൺ ബാങ്ക് | 1 |
| 5 | എസ് ബി ഐ, പുഞ്ചവയൽ | 1, 2 |
| 6 | യൂണിയൻ ബാങ്ക് | 1 |
| 7 | മുളമൂട്ടിൽ ഫിനാൻസ് | 1 |
| 8 | മുത്തൂറ്റ് മെർക്കന്റൈൽ | 1 |
| 9 | എം ഇ എസ് പബ്ലിക് സ്കൂൾ | 1 |
| 10 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ | 1 |
| 11 | എസ് എൻ പബ്ലിക് സ്കൂൾ | 1 |
| 12 | ഗ്രാമീണ വനിതാ കോ-ഓപ്പറേറ്റീവ് | 1 |

| | | |
|---|---|---|
| | സൊസൈറ്റി | |
| 13 | സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് കണ്ണിമല | 1, 2 |
| 14 | ജോസ്ക ഫിനാനസിയേഴ്സ് | 2 |
| 15 | കെ എൽ എം നിധി ലിമിറ്റഡ് | 2 |
| 16 | സർവീസ് സഹകരണ ബാങ്ക് ഇഞ്ചിയാനി | 2 |
| 17 | കല്ലൂർ ഇലക്ട്രോണിക്സ് ആന്റ് ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 2 |
| 18 | മിനി മുത്തൂറ്റ് നിധി | 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/21.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

**1-18 കരാറുകാർ, റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിലെ ജീവനക്കാർ തുടങ്ങിയവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാർ, റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവിടങ്ങളിലെ ജീവനക്കാർ എന്നിവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി 2020-21 വർഷം ഈടാക്കിയിട്ടില്ല. മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-19 പഞ്ചായത്ത് പരിധിയിൽ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നു**

1) 2019-20 വർഷം 525 സ്ഥാപനങ്ങളും 2020-21 വർഷം 436 സ്ഥാപനങ്ങളുമാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനും വ്യവസായാവശ്യത്തിനുമായി നികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം 2557 ആണ്. ഇത് കണക്കിലെടുക്കുമ്പോൾ വളരെ കുറവ് സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസെടുക്കുന്നതായി കാണുന്നത്. വാർഡുതല ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

2) റേഷൻ കടകളെ 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം 149 പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

വാർഡ് അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് മെമ്പർമാരുടെ കൂടി സഹകരണത്തോടെ തയ്യാറാക്കുകയും പുതുതായി വരുന്ന സ്ഥാപനങ്ങളെ യഥാസമയം ലിസ്റ്റിൽ കൂട്ടിച്ചേർത്ത് സൂക്ഷിക്കുകയും ചെയ്യുന്നത് ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും തനതു വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നതിനും സഹായകമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**1-20 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസും രജിസ്ട്രേഷനും ഇല്ലാതെ പ്രവർത്തിക്കുന്നു**

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാംപട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല.

1. മുണ്ടക്കയം പഞ്ചായത്ത് പരിധിയിൽ 2020-21 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ
ഇല്ലാതെ പ്രവർത്തിക്കുന്നു.

A. സംസ്കൃതി ആയുർവേദ ക്ലിനിക്

B. തോംസൺ ഡെൻറൽ ക്ലിനിക്

D. സെന്റ് ജോർജ് ക്ലിനിക്കൽ ലാബോറട്ടറി

E. ജീവക ഹോമിയോപ്പതിക് മെഡിക്കൽ സെന്റർ

F. പി ജെ ഡെന്റൽ ക്ലിനിക്

G. എസ് എൻ മെഡിലാബ്

H. ജെ ജെ ക്ലിനിക്

I. ശാന്തിഗിരി തിരുമ്മുവൈദ്യശാല

J. പുഞ്ചവയൽ മെഡിക്കൽ ലാബോറട്ടറി

K. മീനച്ചിൽ നീതി ഡയഗണോസ്റ്റിക്സ്

2. താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

A. വയലിൽ ഡെൻറൽ ക്ലിനിക്

B. ശ്രീവിലാസം വൈദ്യശാല

C. ആര്യ ഡിസ്പെൻസറി

D. ഡിഡിആർസി

E. ദീപ ക്ലിനിക്കൽ ലാബോറട്ടറി

F. ശാന്തി ഹോമിയോ ക്ലിനിക്

G. ന്യൂ വിഷൻ ഐ ഹോസ്പിറ്റൽ

H. എം എം ടി ക്ലിനിക്

I. എ ജി എം ക്ലിനിക്കൽ ലാബ്

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/21.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ലൈസൻസും രജിസ്ട്രേഷനും നൽകേണ്ടതാണ്.

## 1-21 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ നിലവിൽ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു

| ക്രമ നം. | കെട്ടിട നം. | ഒഴിവു വന്ന മാസം |
|---|---|---|
| 1 | IV(2) | 2020 മെയ് മുതൽ |
| 2 | IV(5) | 2020 മെയ് മുതൽ |
| 3 | IV(6) | 2019 ഏപ്രിൽ മുതൽ |
| 4 | IV(7) | 2020 മെയ് മുതൽ |
| 5 | IV(8) | 2019 ഏപ്രിൽ മുതൽ |
| 6 | IV(9) | 2020 മെയ് മുതൽ |
| 7 | IV(10) | 2020 മെയ് മുതൽ |
| 8 | IV(11) | 2020ഏപ്രിൽ മുതൽ |
| 9 | IV(12) | 2019 ഏപ്രിൽ മുതൽ |
| 10 | IV(13) | 2020 ഒക്ടോബർ മുതൽ |

മേൽ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/22.02.22) IV(9),(10),(11) എന്നീ മുറികളിൽ നിലവിൽ ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ബാക്കിയുള്ള മുറികൾ 2022-23 വർഷം വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമായിട്ടുണ്ട്. വൻതുക മുതൽ മുടക്കി മുറികൾ പണിതശേഷം ഒഴിഞ്ഞുകിടക്കുന്നത് നഷ്ടത്തിന് കാരണമാകുന്നതിനാൽ വാടകയ്ക്ക് നൽകാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-22 വാടക കുടിശ്ശിക നിലനിൽക്കുന്നു

മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ നിന്നുള്ള വാടകയിനത്തിൽ 2020-21 വർഷം താഴെപ്പറയും പ്രകാരം കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കുടിശ്ശിക മാസം | വാടക തുക | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | I(1) | 2021 ജനുവരി മുതൽ 2021 മാർച്ച് വരെ | 4661 | 13983 |
| 2 | I(2) | 2020 മെയ് മുതൽ 2021 മാർച്ച് വരെ | 4755 | 52305 |
| 3 | III(5) | 2020 മെയ് മുതൽ 2021 മാർച്ച് വരെ | 3545 | 38995 |
| 4 | III(21) | 2020 ജൂലായ് മുതൽ 2021 മാർച്ച് വരെ | 17063 | 153567 |
| 5 | III(22) | 2020 ആഗസ്റ്റ് മുതൽ 2021 മാർച്ച് വരെ | 16523 | 132184 |
| 6 | III(23) | 2021 ഫെബ്രുവരി മുതൽ 2021 മാർച്ച് വരെ | 16344 | 32688 |
| 7 | മിനി സ്റ്റോൾ 4 | 2020 മെയ് മുതൽ 2021 മാർച്ച് വരെ | 162 | 1782 |
| 8 | മിനി സ്റ്റോൾ 13 | 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ | 162 | 1944 |
| 9 | IV(14) | 2020 മെയ് മുതൽ 2021 മാർച്ച് വരെ | 6510 | 71610 |

വാടക കുടിശ്ശിക ഈടാക്കാത്തതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/22.02.22) തുക ഈടക്കുന്നതിന് ആർ ആർ നടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ആർ ആർ നടപടികൾ പൂർത്തീകരിച്ച് തുക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>1-23 എസ്റ്റിമേറ്റിൽ ജി.എസ്.റ്റി പ്രൊവിഷൻ വെയ്ക്കാതെ പാർട്ട് ബില്ലിൽ ജി.എസ്.റ്റി ഇനത്തിൽ 12% കൂട്ടി നൽകി.</u>**

പ്രോജക്ട് നം. 373/21

പഞ്ചായത്ത് ഓഫീസിന് സമീപമുള്ള വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കുടിവെള്ള പദ്ധതി.

അടങ്കൽ- 1000000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

ചെലവ്- 653806 രൂപ ( 513921- ബിൽ നം. 186/20-21/1.3.21+ 139885- ബിൽ നം. 232/20-21/29.3.21)

മുണ്ടക്കയം ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ ഒന്നാം പാർട്ട് ബിൽ പ്രകാരം വേലമൂല്യമായ 458858 രൂപയോടുകൂടി 12% ജി.എസ്.റ്റി 55063 രൂപ ഉൾപ്പടെ 513921 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ ( TS No. 108480/18-19 ) ജി.എസ്.റ്റിയ്ക്ക് പ്രൊവിഷൻ വെച്ചിരുന്നില്ല. ജി.എസ്.റ്റി പ്രൊവിഷൻ വെയ്ക്കാതെ ബില്ലിൽ 12% ജി.എസ്.റ്റി 55063 രൂപ കൂട്ടി നൽകിയത് ക്രമപ്രകാരമല്ല. അപാകതക സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഒന്നാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന് അധികം നല്കിയ 55063 രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. കരാറുകാരന് അധികം നല്കിയ 55063 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. 55063 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

**<u>1-24 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.</u>**

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക കണക്കിൽ RP36 ഷെഡ്യൂളിൽ 350900101- “Sales Proceeds Assets” എന്ന ശീർഷകത്തിൽ 112528 രൂപ വരവുണ്ട്. ഇത് 2020-21 വാർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ വിവിധ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നതാണ്. 31.3.2021 ലെ ബാലൻസ് ഷീറ്റ് B9 ഷെഡ്യൂൽ പ്രകാരം 31.3.2021 ലെ ബാദ്ധ്യത 297045 രൂപയാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/ 07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല.. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക അതാത് ശീർഷകത്തിലേക്ക് മാറ്റുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചു. കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന കാലിവീപ്പകളുടെ വില 297045 രൂപ അതാത് ശീർഷകങ്ങളിൽ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**<u>1-25 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.</u>**

മുണ്ടക്കയം ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം കരാറുകാരൻ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന

പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 301/21 മുറികല്ലംപുറം കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | പി. എസ് രവീന്ദ്രൻ നായർ, പന്തലാനിക്കൽ, പുലിയന്നൂർ | 28.11.19 | 18.12.19 | 267829 | 2678 |
| 2 | 373/21 പഞ്ചായത്ത് ഓഫീസിന് സമീപമുള്ള വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കുടിവെള്ള പദ്ധതി | സാജിദ്. കെ. എ, കല്ലോലപ്പറമ്പിൽ, പാലമ്പ്ര. | 19.1.2019 | 14.2.2019 | 624827 | 6248 |
| 3 | 263/21 വേങ്ങക്കുന്ന് പെരുഞ്ചുഴി റോഡ് ടാറിംഗ്- റീ ടാറിംഗ് | ജിജോ മാത്യു, കൊച്ചുപുരയ്ക്കൽ, പറത്താനം | 8.8.2019 | 26.8.2019 | 199948 | 1999 |
| 4 | 329/21 പഞ്ചായത്ത് മാർക്കറ്റ് ലൈറ്റ് റൂഫിംഗ് പൂർത്തീകരണം | ജോമി മാത്യു, പ്ലാത്തോട്ടത്തിൽ, പൂഞ്ഞാർ. | 2.8.2019 | 22.8.2019 | 1499765 | 14998 |
| | ആകെ | | | | | 25923 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 3-ാം നമ്പർ ഓഡിറ്റ് എൻക്വറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സെലക്ഷൻ നോട്ടീസ് തയ്യാറാക്കിയപ്പോൾ തീയതി തെറ്റിപ്പോയതാണ് എന്ന് അറിയിച്ചു. മറുപടി തൃപ്തികരമല്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 25923 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-26 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- പൂർത്തിയാക്കിയിട്ടില്ല.**

പ്രോജക്ട് നം. 431/21

അടങ്കൽ- 9000000 രൂപ ( തനത് ഫണ്ട് )

ചെലവ്- 7325053 രൂപ (4372498 രൂപ- ചെക്ക് നം. 1735183/3.2.2021+ 2952555 രൂപ- ചെക്ക് നം. 1735194/26.3.2021 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

മുണ്ടക്കയം ബസ് സ്റ്റാന്റിലുള്ള പഞ്ചായത്ത് വക സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ഏറ്റെടുത്ത മേൽ പ്രോജക്ട് പ്രകാരം അഞ്ച് നിലകളിലായുള്ള കെട്ടിടം പണിയുന്നതിനായുള്ള ഫൗണ്ടേഷൻ ചെയ്ത്, മൂന്ന് നിലകൾ വരെയുള്ള സ്ട്രക്ചർ പൂർത്തിയാക്കിയിട്ടുണ്ട്. മൂന്ന നിലകളുടെ പ്ലാസ്റ്ററിംഗും ഗ്രൗണ്ട് ഫ്ലോറിന്റെ ഷട്ടർ ഇടുന്ന പ്രവൃത്തിയും ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>ഒന്നാം പാർട്ട് ബിൽ</u>

| ഇനം | തുക |
|---|---|
| എം ബുക്ക് പ്രകാരമുള്ള വേലമൂല്യം | 3904017 |
| GST 12% | 468481 |
| ആകെ | 4372498 |
| കുറയ്ക്കുക | |
| ആദായനികുതി (1% ) | 39040 |
| ജി.എസ്.റ്റി ( 2% ) | 78080 |
| ക്ഷേമനിധി വിഹിതം ( 1% ) | 39040 |
| കരാറുകാരന് നൽകിയ തുക | 4216338 |

<u>രണ്ടാം പാർട്ട് ബിൽ</u>

| ഇനം | തുക |
|---|---|
| എം ബുക്ക് പ്രകാരമുള്ള വേലമൂല്യം | 2636210 |
| GST 12% | 316345 |
| ആകെ | 2952555 |
| കുറയ്ക്കുക | |
| ആദായനികുതി (1% ) | 26362 |
| ജി.എസ്.റ്റി ( 2% ) | 52724 |
| ക്ഷേമനിധി വിഹിതം ( 1% ) | 26362 |
| റിടെൻഷൻ | 65905 |
| കരാറുകാരന് നൽകിയ തുക | 2781202 |

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ശേഷിക്കുന്ന പ്രവൃത്തികളായ രണ്ടും മൂന്നും നിലകളിൽ ഷട്ടർ പിടിപ്പിക്കൽ, ടൈൽ പാകൽ, പെയിന്റിംഗ്, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, ഹാന്റ് റെയിൽ, ലിഫ്റ്റ് തുടങ്ങിയ ഇനങ്ങൾ പൂർത്തിയാക്കുന്നതിന് തുടർ പ്രജക്ടുകൾ ഏറ്റെടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടും ഒന്നാം പാർട്ട് ബില്ലിൽ നിന്നും റിടെൻഷൻ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകിയത് സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നമ്പർ 17) ലഭ്യമാക്കിയ മറുപടിയിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 5000000 രൂപ വകയിരുത്തി 2021-22 ൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട് എന്നും

ഒന്നാം പാർട്ട് ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന റിടെൻഷൻ തുക 97601 രൂപ 3-ാം പാർട്ട് ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണ് എന്നും അറിയിച്ചു. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 7325053 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം (പ്രോജക്ട് നം. 121/ 20-21) എന്ന പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി അനിതാ സുരാജ് ( അനിതാ പി.കെ), പനവിരുത്തിയിൽ, മുണ്ടക്കയം എന്നയാൾക്ക് ട്രഷറി ബിൽ നം. 17/20-21 തീയതി 03.02.2021 പ്രകാരം അഡ്വാൻസായി 50,000/- രൂപ നൽകിയിട്ടുണ്ട്. പിന്നീട് തുകയൊന്നും നൽകിയതായി കാണാത്തതിനാൽ ടിയാളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നതിൽ വ്യക്തത തേടി ഓഡിറ്റന്വേഷണക്കുറിപ്പ് ( നം. 12/22.02.22) നൽകിയതിന് ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു.

"അഡ്വാൻസ് തുക വിനിയോഗിച്ച പഠനമുറിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന് വാർഡ് മെമ്പർമുഖേനയും നേരിട്ടുള്ള അന്വേഷണത്തിലും ബോധ്യപ്പെട്ടിട്ടുള്ളതാണ്. ടിയാൾ സ്ഥലത്തില്ലാത്തതിനാൽ പലവട്ടം ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചുവെങ്കിലും നടന്നില്ല. പണി പൂർത്തീകരിക്കാത്ത പക്ഷം തുക തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് രജിസ്റ്റേർഡ് കത്തയച്ചുവെങ്കിലും കൈപ്പറ്റാതെ തിരികെ ലഭിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അഡ്വാൻസായി നൽകിയ തുക റവന്യൂ റിക്കവറി/ ജപ്തി നടപടികളിലൂടെ നിയമപരമായി ഈടാക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്". തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതുവരെ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ജലസേചന പമ്പ് സെറ്റ് വിതരണം പ്രോജക്ട്- അപാകതകൾ

കൃഷി ഓഫീസർ 2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ പ്രോജക്ട് നമ്പർ 157/21 ജലസേചന പമ്പ് സെറ്റ് വിതരണം പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും വിവിധ ബില്ലുകൾ പ്രകാരം 72117/ രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുറഞ്ഞത് 20സെന്റ് സ്ഥലം ഉള്ളവരും, ചെറുകിട നാമമാത്ര കർഷകർക്കുമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. എന്നാൽ ഈ നിബന്ധന പാലിക്കാതെ സബ്സിഡി അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ബിൽ നമ്പർ 14/20-21 / 22.02.21 പ്രകാരം പിൻവലിച്ച 22032/ രൂപയിൽ 7121/രൂപ സബ്സിഡി അനുവദിച്ച ശ്രീമതി. ഷൈലജ സദാനന്ദൻ, അരീക്കൽ, പുഞ്ചവയൽ എന്ന ഗുണഭോക്താവ് ഹാജരാക്കിയ എരുമേലി വടക്ക് വില്ലേജ് ഓഫീസറുടെ 08.05.2020 ലെ 730/20 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം ടിയാളുടെ കുടുംബത്തിന് ആകെ കൈവശത്തിലുള്ളത് 7 ആർ (17.3 സെന്റ് ) സ്ഥലം മാത്രമാണ്.

2) ബിൽ നമ്പർ 5/20-21 / 28.12.20 പ്രകാരം പിൻവലിച്ച 36836/ രൂപയിൽ 7122/രൂപ സബ്സിഡി അനുവദിച്ച ശ്രീ. ജോ ബേബി, അറത്തിൽ, ഇടക്കുന്നം എന്ന ഗുണഭോക്താവ് ഹാജരാക്കിയ കരം കെട്ടിയ രസീത് പ്രകാരം ടിയാളുടെ കുടുംബത്തിന് ആകെ കൈവശത്തിലുള്ളത് 6 ആർ 48 സ്ക്വ.മീറ്റർ (15 സെന്റ്) സ്ഥലം മാത്രമാണ്.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/24.02.22ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ 14243/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 കന്നുകുട്ടി പരിപാലനം

പ്രോജക്ട് നമ്പർ 189/21 പ്രകാരം 2020-21 സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്നും 625000/

രൂപ ( Billno- 8/5.3.21) പിൻവലിച്ച് 50 കിടാരികൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി കാഫ് ഫീഡിൽ അടവാക്കിയിരുന്നു. കാഫ് ഫീഡിൽ ലഭ്യമായിട്ടുള്ള വിനിയോഗ സാക്ഷ്യപത്രം പ്രകാരം 318426/ രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും, 306574/രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ശ്രീമതി. സുവർണ്ണിനി അശോകൻ, ചക്കാരയിൽ എന്ന ഗുണഭോക്താവ് 4/21 ൽ 675/രൂപയുടെ കാലിത്തീറ്റ വാങ്ങിയിട്ടുണ്ട്. പിന്നീട് കാലിത്തീറ്റ വാങ്ങിയിട്ടില്ല. . മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/23.02.22ന് ലഭ്യമാക്കിയ മറുപടിയിൽ ടിയാരിയുടെ കിടാവ് അസുഖബാധയെ തുടർന്ന് മരണപ്പെട്ടതിനാലാണ് കാലിത്തീറ്റ വാങ്ങാതിരുന്നത് എന്നാണ്. ഇൻഷ്വർ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. പ്രസ്തുത കിടാരിക്കായി ഒടുക്കിയ 12500/രൂപയിൽ വാങ്ങിയ കാലിത്തീറ്റയുടെ വിലയായ 675/രൂപ കിഴിച്ച് ബാക്കി തുക പ്രോജക്ട് പൂർത്തീകരിക്കുന്ന വേളയിൽ തിരികെ ഈടാക്കി വികസനഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-30 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

2020-21 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി- നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പദ്ധതികൾക്കായി നൽകിയ 20,41,835/-രൂപയുടെ കൈപ്പറ്റ് രസീത്/വിനിയോഗവിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്,നം. | നിക്ഷേപിച്ച തുക, ഫണ്ടിനം | നിർവ്വഹണഏജൻസി/ തുക ഒടുക്കിയ വിവരം | ബിൽ നം /ചെക്ക് നം./ തീയതി |
|---|---|---|---|---|
| 1 | പ്രോജക്ട് നം 1/20-21 എസ്.എസ് .എ വിഹിതം അടയ്ക്കൽ | 5,00,000/- വികസനഫണ്ട് | എസ്.എസ് .എ അക്കൗണ്ട് നം 1523101016771 | 14/20-21/29.09.2020 |
| 2 | പ്രോജക്ട് നം 2/20-21ഐ.കെ.എം വിഹിതം അടയ്ക്കൽ | 153780/- വികസനഫണ്ട് | ഐ.കെ.എം അക്കൗണ്ട് നം 5747023512 | 15/20-21 തീയതി 29/09/20 |
| 3 | പ്രോജക്ട് നം 195/20-21ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം | 1,00,000 വികസനഫണ്ട് | ജില്ലാ പഞ്ചായത്ത് അക്കൗണ്ട് നം 2982000103035379 | 35/20-21തീയതി 17/03/21 |
| 4 | പ്രോജക്ട് നം 464/20-21തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 98,055/- തനത് ഫണ്ട് | കെ.എസ്.ഇ.ബി | 345549/03.11.20-7720<br>346397/15.03.21-43398<br>346396/15.03.21-368335<br>346462/27.03.21-10102<br>തനത് ഫണ്ട് |
| 5 | 250/20- | 94000/- | ഭൂജല വകുപ്പ് | 34/20-21 തീയതി |

| | | | | |
|---|---|---|---|---|
| | 21പട്ടപ്പടി ഭാഗത്ത് കുഴൽ കിണർ നിർമ്മാണം | ധനകാര്യകമ്മീഷൻ ഗ്രാന്റ് | അക്കൗണ്ട് നം 70801140000051 | 17.03.21 |
| 6 | 145/20-21 15 നെൻമേനി ഭാഗത്ത് കുഴൽ കിണർ നിർമ്മാണം | 90,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | ഭൂജല വകുപ്പ് അക്കൗണ്ട് നം 70801140000051 | 32/20-21 തീയതി 17.03.21 |
| 7 | 206/20- കളപ്പുരയ്ക്കൽ ഭാഗത്ത് കുഴൽ കിണർ നിർമ്മാണം | 91000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | ഭൂജല വകുപ്പ് അക്കൗണ്ട് നം 70801140000051 | 33/20-21 തീയതി 17.03.21 |
| 8 | 451/20ജില്ലാ ആസൂത്രണ സമിതി മന്ദിര നിർമ്മാണം | 5,00,000 വികസനഫണ്ട് | ജില്ലാ ആസൂത്രണ സമിതി ഓഫീസ് അക്കൗണ്ട് നം708011400000041 | 17/20-21തീയതി29/9/20 |
| 9 | 214/21 എ.ബി.സി പ്രോഗ്രാം | 2,15,000/- വികസനഫണ്ട് | ജില്ലാ കോ-ഓർഡിനേറ്റർ അക്കൗണ്ട് നം 337002010016169 | 18/20-21 തീയതി 13/10/20 |
| 10 | 483/21 ആഴമല വട്ടക്കാവ് കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ വിപുലീകരണം | 2,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | കേരളാ വാട്ടർ അതോറിറ്റിഅക്കൗണ്ട് നം 57008127494 | 40/20-21തീയതി 31/03/21 |
| ആകെ | | **20,41,835/-** | | |

വിനിയോഗവിവരം ലഭ്യമാക്കുന്നതുവരെ 2041835 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 ലൈഫ് ഭവന പദ്ധതി അവലോകനം

ലൈഫ് ഭവന പദ്ധതി ഫേസ് രണ്ടിനായി ഗ്രാമ പഞ്ചായത്തുമായി 152 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടിരുന്നു. കരാറിൽ ഏർപ്പെട്ട എല്ലാ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറിൽ ഏർപ്പെട്ട ആകെ ഗുണഭോക്താക്കൾ | 152 |
| ജനറൽ വിഭാഗം | 123 |
| എസ്.സി വിഭാഗം | 28 |
| എസ്.റ്റി വിഭാഗം | 1 |
| ഭവനനിർമ്മാണം പൂർത്തീകരിച്ചവർ | 152 |

ലൈഫ് ഭവന പദ്ധതി ഫേസ് മൂന്നിനായി ഗ്രാമ പഞ്ചായത്തുമായി 68 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടിരുന്നു. ജനറൽ വിഭാഗത്തിൽ 18, എസ്.സി. വിഭാഗത്തിൽ 4, എസ്.റ്റിവിഭാഗത്തിൽ 1 എന്നിങ്ങനെ ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് പ്രോജക്റ്റ് പ്രകാരം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. കരാറിൽ ഏർപ്പെട്ടവരിൽ 42 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | കരാറിൽ ഏർപ്പെട്ട ആകെ ഗുണഭോക്താക്കൾ | പൂർത്തീകരിച്ചവർ | പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് | നിലവിലെ സ്ഥിതി |
|---|---|---|---|---|
| ജനറൽ വിഭാഗം | 52 | 32 | 20 | റൂഫ്- 8<br>ലിന്റൽ- 9<br>ബേസ് മെന്റ്- 3 |
| എസ്.സി വിഭാഗം | 15 | 10 | 5 | റൂഫ്- 2<br>ലിന്റൽ- 2<br>ബേസ് മെന്റ്- 1 |
| എസ്.റ്റി വിഭാഗം | 1 | - | 1 | റൂഫ്--1 |

ലൈഫ് ഭവന പദ്ധതി പ്രവർത്തനങ്ങൾ സാമാന്യം തൃപ്തികരമായി നടന്നുവരുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. 2020-21 സാമ്പത്തിക വർഷം ലൈഫ് ഭവനപദ്ധതിയുടെ രജിസ്റ്റർ തൃപ്തികരമായി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ ലൈഫ് ഭവനപദ്ധതിയുടെ രജിസ്റ്റർ തികച്ചും അശ്രദ്ധമായാണ് കൈകാര്യം ചെയ്തിട്ടുള്ളത്. രജിസ്റ്ററിൽ തുകകൾ എഴുതി ഗുണഭോക്താവിനേക്കൊണ്ട് ഒപ്പ് ഇടുവിച്ചശേഷം പിന്നീട് വെട്ടിത്തിരുത്തുകയും, ഓവർ റൈറ്റിംഗ് നടത്തുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം അശ്രദ്ധമായി കൈകാര്യം ചെയ്തതിനാൽ നാല് ഗുണഭോക്താക്കൾക്ക് അധിക തുക അനുവദിക്കുകയും ആയത് പിന്നീട് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | അധികം നൽകിയ തുക | തിരിച്ചടച്ച രസീത് വിവരം |
|---|---|---|---|
| 1 | പെണ്ണമ്മ, ചേറ്റുകണ്ടം, | 60000/ | 120020103932/ 24.11.20-45000/<br>120020102856/ 5.10.20-15000 |
| 2 | ജയമനോഹരൻ, വലിയവീട്ടിൽ | 20000/ | 119020102668/14.6.19-20000/ |
| 3 | ശാന്തമ്മപാപ്പ, കുതിരക്കാട്ടിൽ | 20000/ | 119020102669/14.6.19-10000/<br>119020102768/17.6.19-10000/ |
| 4 | ഓമനവിജയൻ, വേങ്ങവേലിൽ | 20000/ | 119020105718/7.11.19-20000/ |

ലൈഫ് ഭവന പദ്ധതി പ്രോജക്ട് വർഷങ്ങൾ തുടരുന്നതും, കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നതുമായ പ്രോജക്ടാണ്.പ്രസ്തുത പ്രോജക്ടിന്റെ രജിസ്റ്റർ അശ്രദ്ധമായി കൈകാര്യം ചെയ്യുന്നതും തൻമൂലം അനുവദിക്കാവുന്നതിലും അധികം തുക ഗുണഭോക്താവിന് നൽകുന്നതും ശരിയായ പ്രവണതയല്ല.

സ.ഉ.( കൈ) 34/2018/ തസ്വഭവ , തീയതി 16.03.2018 നമ്പർ ഉത്തരവിലെ ഖണ്ഡിക 13 പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുള്ള ചുമതലകൾ പൂർണ്ണമായും ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ ഭൂമിയുള്ള ഭവനരഹിതരുടെ ലൈഫ് ഭവന നിർമ്മാണത്തിന്റെ പൂർണ്ണമായ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്രട്ടറി ലൈഫ് ഭവന പദ്ധതി സംബന്ധിച്ച രജിസ്റ്ററിന്റെ കൃത്യത പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഭരണസമിതി യോഗങ്ങളിൽ വ്യക്തിഗത ഭവനനിർമ്മാണം ഒരു അജണ്ടയായി ഉൾപ്പെടുത്തി കൃത്യമായ ഇടവേളകളിൽ പുരോഗതിവിലയിരുത്തേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഓൺ ലൈനായി പ്രസിഡന്റിന് സമർപ്പിക്കുന്ന ഫണ്ട് റിക്വിസിഷനിൽ ഉൾപ്പെടുന്ന ചെലവിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ സമർപ്പിക്കുന്നതിന് സോഫ്റ്റ് വെയറിൽ നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. സോഫ്റ്റ് വെയറിലെ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും അപാകത പരിഹരിക്കുന്നതുവരെ ഫണ്ട് റിക്വിസിഷനിൽ ഉൾപ്പെടുന്ന ചെലവ് സംബന്ധിച്ച ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാർഡ് കോപ്പിയായി സമർപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകേണ്ടതുമാണ്.

**1-32 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ -അവലോകനം**

കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങൾക്ക് ചികിത്സയും ആശ്വാസവും നൽകുന്നതിനായി പഞ്ചായത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി. ബോധവൽക്കരണം, അണുനശീകരണം, മാസ്ക് വിതരണം,ഭക്ഷണവിതരണം, സാമൂഹ്യ അടുക്കള തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തനത്ഫണ്ടിൽ നിന്നും വികസനഫണ്ടിൽ നിന്നും ചെലവ് നടത്തുകയുണ്ടായി.വികസനഫണ്ടിൽ നിന്നുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട്നം | ചെലവ് തുക |
|---|---|---|
| 1 | 461/21 -കോവിഡ് പ്രതിരോധം അനുബന്ധ പ്രവർത്തനങ്ങൾ. | 6,69,843/- |
| ആകെ | | 6,69,843/- |

ഒരു കോവിഡ് കെയർ സെന്റർ (DCC) സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ മുണ്ടക്കയം ആരംഭിച്ച് പ്രവർത്തനം നടത്തിയിരുന്നു. രോഗികളുടെ എണ്ണം കുറയുകയും രോഗബാധ നിയന്ത്രണവിധേയമാകുകയും ചെയ്തതിനാൽ പിന്നീട് 12.10.2021ഓടെ പ്രവർത്തനം നിർത്തിവയ്ക്കുകയാണുണ്ടായത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ പോതുവെ തൃപ്തികരമായി നടത്തിയതായികാണുന്നു. പഞ്ചായത്തിന്റെ ചുമതലയിൽ പ്രവർത്തിച്ചിരുന്ന ഡൊമിസിലറി കെയർ സെന്റർ നടത്തിപ്പുമായി ബന്ധപ്പെട്ട് ചെലവഴിച്ച ആകെ 17,34,822/- രൂപ തിരികെ ലഭിക്കുന്നതിനായി രേഖകൾ സഹിതം അപേക്ഷ നൽകി. നാളിതുവരെ അഡ്വാൻസ് തുകയായി ലഭിച്ച 1,00,000/- അല്ലാതെ മറ്റു തുകകളൊന്നും ലഭ്യമായിട്ടില്ല. ഈ തുക അക്കൗണ്ട് നമ്പർ 67397260163 ൽ (എസ്.ബി.ഐ അക്കൗണ്ടിൽ) വരവ് വന്നിട്ടുണ്ട്. സി.എഫ്.എൽ.റ്റി.സിയുമായി ബന്ധപ്പെട്ട ആകെ ചെലവ് 9,54,357/-രൂപ, ജില്ലാകളക്ടറുടെ 05.10.20, 12.11.20 എന്നീ തിയതികളിലെ ഡി എം 1/6182/2020/02 ഉത്തരവുകൾ പ്രകാരം തിരികെ ലഭിച്ചിട്ടുണ്ട്. ഈ തുക അക്കൗണ്ട് നമ്പർ 799013000000372 എന്ന എസ്.റ്റി.എസ് ബി അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്റ്റിമേറ്റിൽ ജി.എസ്.റ്റി പ്രൊവിഷൻ വെയ്ക്കാതെ പാർട്ട് ബില്ലിൽ ജി.എസ്.റ്റി ഇനത്തിൽ 12% കൂട്ടി നൽകി.

പ്രോജക്ട് നം. 373/21

പഞ്ചായത്ത് ഓഫീസിന് സമീപമുള്ള വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കുടുവെള്ള പദ്ധതി.

അടങ്കൽ- 1000000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവ്- 653806 രൂപ ( 513921- ബിൽ നം. 186/20-21/1.3.21+ 139885- ബിൽ നം. 232/20-21/29.3.21)
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

മുണ്ടക്കയം ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ ഒന്നാം പാർട്ട് ബിൽ പ്രകാരം വേലമൂല്യമായ 458858 രൂപയോടുകൂടി 12% ജി.എസ്.റ്റി 55063 രൂപ ഉൾപ്പടെ 513921 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ ( TS No. 108480/18-19 ) ജി.എസ്.റ്റിയ്ക്ക് പ്രൊവിഷൻ വെച്ചിരുന്നില്ല. ജി.എസ്.റ്റി പ്രൊവിഷൻ വെയ്ക്കാതെ ബില്ലിൽ 12% ജി.എസ്.റ്റി 55063 രൂപ കൂട്ടി നൽകിയത് ക്രമപ്രകാരമല്ല. അപാകതക സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഒന്നാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന് അധികം നല്കിയ 55063 രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. കരാറുകാരന് അധികം നല്കിയ 55063 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. 55063 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 18.02.2022 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 17.02.21<br>30.03.21 | 15030<br>38455 | 354/20-21, സുഭിക്ഷം - തരിശ് നിലകൃഷി | 53485 | 0 |
| ബ്ലോക്ക് | 17.02.21 | 11400 | 355/20-21, | 14741 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 30.03.21 | 3341 | സുഭിക്ഷം - ഇടവിള കൃഷി | | |
| | ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 15.03.21 | 198657 | 205/20-21, പന്ത്രണ്ട് ഇന പരിപാടി - പാലിയേറ്റീവ് കെയർ പദ്ധതി | 198657 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 20.08.20<br>16.01.21 | 360000<br>185941 | 187/20-21, ലൈഫ് ഭവന പദ്ധതി - പട്ടികജാതി | 545941 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 2019-20<br>17.11.20 | 940000<br>200000 | 348/20-21, ലൈഫ് ഭവന പദ്ധതി ജനറൽ | 1140000 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 2019-20<br>17.11.20 | 210000<br>400000 | 349/20-21, ലൈഫ് ഭവന പദ്ധതി - പട്ടികജാതി | 610000 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 27.03.21 | 99051 | 20/20-21, വേലനിലം കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ വാർഡ് 1 | 99051 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 05.03.21 | 99051 | 39/20-21, മുറികല്ലുംപുറം കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ വാർഡ് 3 | 189119 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 26.03.21 | 104377 | 135/20-21, ബായികോളനി കുളത്തുങ്കൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് 18 | 104377 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 28.03.21 | 99821 | 169/20-21, പൈങ്ങണ ഓട്ടുകുന്നേൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് 20 | 99821 | 0 |
| | ബ്ലോക്ക് | 2019-20 | 81142 | 322/20-21, | 81142 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | | | ഇഞ്ചിയാനി കുളംപള്ളി വെള്ളനാടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം ടാറിംഗ് വാർഡ് 18 | | |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 02.02.21 | 400000 | 445/20-21, മുറികല്ലുംപുറം കോളനി റോഡ് കോൺക്രീറ്റിംഗും സംരക്ഷണ ഭിത്തി നിർമ്മാണവും വാർഡ് 3 | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 25.03.21 | 100000 | 449/20-21, സ്രാമ്പി കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 04.11.20 | 125000 | 09/20-21, അംഗനവാടി പോഷകാഹാര പദ്ധതി | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 21.01.21 | 148720 | 10/20-21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 148720 | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി | 31.03.21 | 150000 | 120/20-21, ആശ്രയ പദ്ധതി | 150000 | 0 |
| | **ആകെ** | **4060054** | | **4060054** | **0** |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 11.11.20 | 200000 | 187/20-21, ലൈഫ് ഭവന പദ്ധതി - പട്ടികജാതി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 11.11.20 | 800000 | 208/20-21, ലൈഫ് മിഷൻ ഭവന നിർമ്മാണം ജനറൽ | 800000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 10.11.20 | 466200 | 10/20-21, ശാരീരിക മാനസിക വെല്ലുവിളി | 466200 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| | **ആകെ** | **1466200** | | **1466200** | **0** |

2019-20ൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 2020-21 വർഷം ചെലവഴിച്ചിട്ടുണ്ട്.

**4-3 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, മുണ്ടക്കയം | 464/20-21, വിവിധ വാർഡുകളിലെ റോഡിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 80233 17.03.2021 | 98055 | 0 | 98055 |
| ഭൂജല വകുപ്പ്, കോട്ടയം | 145/20-21, നെന്മേനി 15 ഏക്കർ വെട്ടക്കല്ലാംകുഴി ഭാഗത്ത് കുഴൽക്കിണർ വാർഡ് 1 | 32/20-21 17.03.2021 | 90000 | 0 | 90000 |
| | 206/20-21, കളപ്പുരയ്ക്കൽ ഭാഗം കുഴൽക്കിണർ നിർമ്മാണം വാർഡ് 13 | 33/20-21 17.03.2021 | 91000 | 0 | 91000 |
| | 250/20-21, പട്ടപ്പടി ഭാഗത്ത് കുഴൽക്കിണർ നിർമ്മാണം വാർഡ് 16 | 34/20-21 17.03.2021 | 94000 | 0 | 94000 |
| കേരള വാട്ടർ | 483/20-21, | 40/20-21 17.03.2021 | 200000 | 0 | 200000 |

| | | | | | | |
|---|---|---|---|---|---|---|
| അതോറിറ്റി | ആഴമല വട്ടക്കാവ് കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ വിപുലീകരണം വാർഡ് 17 | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിലുള്ള വരവിന്റെയും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ആർ.ഡി.ബി | 1588/10 തീ യതി 13.05.2010 | 213220 | 0 | 213220 | - | 0 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം എസ്) 68/18, 18.5.18 | 22651485 | 8590000 | 2399843 | - | 28841642 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 32282754 |
| തൻവർഷം നിക്ഷേപിച്ച തുക | 5501510 |
| ആകെ | 37784264 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 37784264 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കണ്ണിമല എസ്.സി.ബി. (എഫ് ഡി 1) നം. 5700 | 1388583 |
| കണ്ണിമല എസ്.സി.ബി. (എഫ് ഡി 2) നം. 5974 | 1489581 |
| എസ്.ബി.റ്റി, പുഞ്ചവയൽ (എഫ് ഡി 3) നം. 67177241448 | 1834052 |
| എസ്.സി.ബി, മുണ്ടക്കയം (എഫ് ഡി 4) നം. 2659 | 1723952 |

| | |
|---|---|
| എസ്.ബി.റ്റി, പുഞ്ചവയൽ (എഫ് ഡി 5) നം. 67197018324 | 2568979 |
| കണ്ണിമല എസ്.സി.ബി (എഫ് ഡി 6) നം. 11508 | 987161 |
| എസ്.സി.ബി, മുണ്ടക്കയം (എഫ് ഡി 7) നം. 1445/12 | 824403 |
| എസ്.സി.ബി, ഇഞ്ചിയാനി (എഫ് ഡി 8) നം. 7424 | 1942657 |
| എസ്.ബി.റ്റി, മുണ്ടക്കയം (എഫ് ഡി 9) നം. 67213885938 | 1693985 |
| യൂണിയൻ ബാങ്ക് മുണ്ടക്കയം (എഫ് ഡി 10) നം. 245622 | 1833585 |
| എസ്.ബി.റ്റി, പുഞ്ചവയൽ (എഫ് ഡി 11) നം. 67218449011 | 4231588 |
| ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് (എഫ് ഡി 12) നം. 0502018067204251 | 2000000 |
| എസ്.സി.ബി, ഇഞ്ചിയാനി (എഫ് ഡി 13) നം. 7758 | 910466 |
| എസ്.സി.ബി, മുണ്ടക്കയം (എഫ് ഡി 14) നം. 1101/19 | 5387500 |
| എസ്.സി.ബി, മുണ്ടക്കയം (എഫ് ഡി 15) നം. 1102/19 | 5818500 |
| കേരള ഗ്രാമീൺ ബാങ്ക്, മുണ്ടക്കയം (എഫ് ഡി 16) നം. 140544202000037 | 3149272 |

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 ചെലവ് | 17 | 2000-01 | Iv-1-29(ബി) | അങ്കണവാടികൾക്ക് കെട്ടിടം പണിയൽ-ധനദുർവിനിയോഗം | നിയമസഭാസമിതി നിർദേശപ്രകാരം തുക തട്ടിക്കിഴിക്കാനാവുമോ എന്ന് പരിശോധിക്കുന്നതിലേക്ക്, നിർമ്മിച്ച കെട്ടിട ഭാഗങ്ങളുടെ എസ്റ്റിമേറ്റ് എടുക്കാൻ എൻജിനീയറെ ചുമതലപ്പെടുത്തി. |
| 1997-98 ചെലവ് | 6 | 2000-01 | Iv-29 (എ) | മലിനജല കനാൽ വൃത്തിയാക്കൽ-വേലക്കൂലി നൽകൽ | തുക തിരികെയൊടുക്കിയത് ബഹു. നിയമസഭാ സമിതിയെ ബോദ്ധ്യപ്പെടുത്തി. |
| പൊതുപരാമർശം | | 2011-12 | 3-1-23 | കാർഷികപദ്ധതികളും | 17-6-15 ലെ |

| | | | | | |
|---|---|---|---|---|---|
| | | | | കൃഷിഭവനം – പ്രവർത്തനാവലോകനം. | തെളിവെടുപ്പ് യോഗത്തിൽ സെക്രട്ടറി കൃഷി ഓഫീസർ എന്നിവർ റിപ്പോർട്ട് നല്കി. |
| പൊതുപരാമർശം | | 2011-12 | 3-1-6 | കൃഷിഭവനിലെ ഭൗതികസാഹചര്യം എന്ന പരാമർശം. | 27.5.15 ലെ തെളിവെടുപ്പ് യോഗത്തിൽ റിപ്പോർട്ട് നല്കി. |
| 2009-10, 2010-11 | | 2011-12 | 3-1-19 | ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ | 27.5.15 ലെ തെളിവെടുപ്പ് യോഗത്തിൽ റിപ്പോർട്ട് നല്കി. |
| 2004-05 ചെലവ് | 2-12 | 2006-07 | 3-32-1 | കേന്ദ്രാവിഷ്കൃത പദ്ധതി, എസ്.ജി.ആർ.വൈ ഭക്ഷ്യധാന്യ ദുർവിനിയോഗം. | വിജിലൻസ് കേസ് നിലനിൽക്കുന്നു. |
| 1999-2000 | 67,68 | 2002-03 | VII-5-5-1 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം -ഉയർന്ന നിരക്കിൽ സാധനം വാങ്ങിയതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് 40960/- രൂപ ഈടാക്കി. ബാക്കി തുക ഈടാക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർക്ക് നോട്ടീസ് നല്കി. |
| 99-2000, 00-01, 01-02 ജനകീയാസൂത്രണം. | 2-8 | 2004-05 | 3-5-1-4-2 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിലെ അപാകത | ഫയൽ എന്നിവ എം.ബുക്ക്, ഹാജരാക്കി തടസ്സം ഒഴിവാക്കണമെന്ന് അസിസ്റ്റന്റ് എൻജിനീയറെ അറിയിച്ചിട്ടുണ്ട്. |

## 4-9 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : 211379891.06 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 176740815.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 55063/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 943113/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 55063/- | ശ്രീ. ലിയോ എൽ ജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 7325053/- | ശ്രീ. ലിയോ എൽ ജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 50000/- | ശ്രീ. രമേഷ് പി.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 14243/- | ശ്രീമതി റിയ അന്റണി, കൃഷി ഓഫീസർ |
| 1-30 | 2041835/- | ശ്രീമതി ഗിരിജാകുമാരി അയ്യപ്പൻ, സെക്രട്ടറി |
| ആകെ | 9431131 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-12, 1-14, 1-16, 1-17, 1-19, 1-20

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗ പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ലിയോ എൽ ജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് | ജോസ് വില്ല, മണ്ണടിക്കോണം, ഊരൂട്ടമ്പലം പി.ഒ തിരുവനന്തപുരം 695507 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 96-97(വരവ്) | കെഎസ്എ.കെടിഎം.പി 13/1613/16/ 12.06.17 | 1 |
| 97-98(വരവ്) | കെഎസ്എ.കെടിഎം.പി13/1611/16/ 12.06.17 | 1 |
| | | |

| | | |
|---|---|---|
| 97-98(ചെലവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(1)/18/03.03.18 | 5 |
| 98-99(ചെലവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(2)/18/28.02.18 | 2 |
| 98-99 (വരവ്) | കെഎസ്എ.കെടിഎം.പി13/1606/16/12.06.17 | 1 |
| 99-2000 | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(3)/ 18/28.02.18 | 29 |
| 2000-01 | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(4)/18/28.02.18 | 5 |
| 2001-02 | എൽ.എഫ്.കെ.പി.9/1044/08/30.6.09 | 11 |
| 2000-01&01-02 ജനകീയാസൂത്രണം | കെഎസ്എ.കെടിഎം.പി-13/1604/16/22.01.18 | 11 |
| 2002-03(വരവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(5)/ 18/28.02.18 | 2 |
| 2002-03(ചെലവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(6)/18/28.02.18 | 2 |
| 2003-04(ചെലവ്) | എൽ.എഫ്.കെ.പി9/81/07/06.11.07 | 33 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി9/1046/08/06.07.09/08.09.09 | 11 |
| 2004-05(വരവ്) | എൽ.എഫ്.കെ.പി9/827/08/3.3.10 | 23 |
| 2004-05(ചെലവ്) | എൽ.എഫ്.കെ.പി.1/190/അദാ./ഇ4/23.2.11 | 4 |
| 2005-06 | എൽ.എഫ്.കെ.പി9/1027/10/26.11.10 | 14 |
| 2006-07 | എൽ.എഫ്.കെ.പി9/552/14.5.12 | 19 |
| 2007-08 | എൽ.എഫ്.കെ.പി13/530/13/13.6.13 | - |
| 2008-09 | എൽ.എഫ്.കെ.പി13/530(1)/13/15.6.13 | 11 |
| 2009-10 | എൽ.എഫ്.കെ.പി.13/530(2)/13/15.6.13 | - |
| 10-11&11-12 | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(7)/18/28.02.18 | 10 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി.13/1609/16/07.6.17 | 11 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.13/537/16/21.02.16 | 10 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.13/1456/16/30.05.17 | 11 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/974/17/16.08.17 | 19 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.11/1422/17/25.1.18 | 26 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.11/190/2019/ | 28 |

| | | |
|---|---|---|
| | 4.02.19/7.2.19 | |
| 2018-19 | കെ.എസ്.എ-<br>കെ.ടി.എം.പി.11/1956/2020/ 17.09.2020 | 44 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.11/423/22 | |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്'രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്'രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്